കെ.ടി.ഡി.സി.-യുടെ കീഴിലുള്ള 11 മോട്ടലുകളിലേയും അടിസ്ഥാന സൗകര്യങ്ങൾ ഏകീകരിച്ചിട്ടുണ്ട്. ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ ആവിഷ്ക്കരിച്ചുകഴിഞ്ഞു.

(ഇ) ഉണ്ട്. ബേക്കലിൽ ഒരു ബീച്ച് ക്യാംമ്പ്, മുഴപ്പിലങ്ങാടിൽ ഒരു ബീച്ച് റിസോർട്ട്, കോഴിക്കോട്, ആലപ്പുഴ ജില്ലകളിൽ സ്റ്റാർ ഹോട്ടലുകൾ എന്നിവ തുടങ്ങുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചുവരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ

30 (*210) ശ്രീമതി പി. അയിഷാ പോറ്റി :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണത്തിന്റെ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) തദ്ദേശസ്ഥാപനങ്ങളുടെ പ്രവർത്തനം ജനസൗഹൃദമാക്കുന്നതിനും സേവനങ്ങൾ സമയബന്ധിതവും ഗുണമേൻമയുള്ളതുമാക്കുന്നതിനുംവേണ്ടി എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(സി) തദ്ദേശസ്ഥാപനങ്ങളുടെ പ്രവർത്തന മേഖല വിപുലമാക്കാൻ കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഡി) തദ്ദേശസ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതത്തിൽ ക്രമാനുഗതമായ വർദ്ധനവ് വരുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ഇ) അധികാര വികേന്ദ്രീകരണം നടപ്പാക്കിയതിൽ കേരളത്തിന് 2009-10-ൽ ഒന്നാം സ്ഥാനവും അവാർഡും ലഭിച്ചിട്ടുണ്ടോ ; എന്തെല്ലാം ഘടകങ്ങളും മാനദണ്ഡവും അടിസ്ഥാനമാക്കിയാണ് അവാർഡ് നിശ്ചയിച്ച തെന്ന് വിശദമാക്കുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) :

(എ)

1. ഒൻപത്, പത്ത് പഞ്ചവത്സര പദ്ധതികളുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി ആസൂത്രണം, സബ്സിഡി മാനദണ്ഡങ്ങൾ എന്നിവയെ സംബന്ധിക്കുന്ന മാർഗ്ഗരേഖകൾ സമഗ്രമായി പരിഷ്കരിച്ചു

2. ഭക്ഷ്യോത്പാദന വർദ്ധനവിന് കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു

LIBRARY ARCHIVES Kerala Legislative Assembly

3. ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു

4. ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും കാര്യപ്രാപ്തി വികസനത്തിന് പരിശീലനം നൽകി

5. തദ്ദേശഭരണസ്ഥാപനങ്ങൾക്ക് മാത്രമായി പുതിയ എഞ്ചിനീയറിംഗ് കേഡർ രൂപീകരിച്ചു

6. എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും അക്കൗണ്ടന്റുമാരെ ലഭ്യമാക്കി.

(ബി)

1. ഗ്രാമപഞ്ചായത്തുകളിൽനിന്നും പൊതുജനങ്ങൾക്ക് നൽകേണ്ട സേവനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനും ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പാക്കി

2. ജനന-മരണ-വിവാഹ രജിസ്ട്രേഷൻ നടപടികൾ കമ്പ്യൂട്ടർവത്കരിച്ചു

3. സാമൂഹ്യക്ഷേമ പെൻഷനുകളുടെ വിതരണം സോഫ്റ്റ്വെയർ ഉപയോഗിച്ച് എളുപ്പത്തിൽ നൽകുന്ന സമ്പ്രദായം ആവിഷ്കരിച്ചു

4. കെട്ടിടനിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനും പരിശോധിച്ച് അംഗീകാരം നൽകുന്നതിനുമുള്ള ഇലക്ട്രോണിക് സംവിധാനം തിരുവനന്തപുരം കോർപ്പറേഷനിൽ നടപ്പാക്കി

(സി) ഉണ്ട്. ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി, കുടുംബശ്രീ പരിപാടികൾ, ജവഹർലാൽ നെഹ്റു ദേശീയ നഗര പുനരുദ്ധാരണ മിഷൻ മുതലായ പരിപാടികൾ നടപ്പാക്കുന്നതിലൂടെ പ്രവർത്തന മേഖല വിപുലീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) ഉണ്ട്. 2007-08 മുതൽ ഓരോ വർഷവും മുൻവർഷത്തേക്കാൾ 10 ശതമാനം വർദ്ധനവ് അനുവദിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന് സംസ്ഥാനസർക്കാരുകൾ സ്വീകരിച്ച നടപടികളെ അടിസ്ഥാനമാക്കി 2009-10-ൽ കേരളത്തിന് ഒന്നാം സ്ഥാനം ലഭിക്കുകയുണ്ടായി. ചട്ടക്കൂട് (framework), ചുമതലകൾ (functions), ധനസ്ഥിതി (finances), ചുമതലക്കാർ (functioneries) എന്നീ ഘടകങ്ങൾക്ക് യഥാക്രമം 15,30,35,20 ശതമാനം വെയ്റ്റേജ് നൽകിയാണ് റാങ്കിംഗ് നടത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly